പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4843 — 27/10/2016-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. ടി.വി. ഇബ്രാഹിം
ശ്രീ. ടി.എ അഹമ്മദ് കബീർ
ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്
ശ്രീ. പി. ഉബൈദുള്ള:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) വിദ്യാഭ്യാസവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കേണ്ടത് ഏത് രീതിയിലായിരിക്കണമെന്ന കാര്യത്തിൽ നിലപാട് വിശദമാക്കുമോ;

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം 2009-ന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച് ചട്ടങ്ങൾ നിർമ്മിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 30-4-2011-ലെ ജി.ഒ (പി) നം. 100/2011/പൊവിവ എന്ന ഉത്തരവ് വഴിയാണ് ഈ ചട്ടങ്ങൾ രൂപികരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ അവകാശനിയമവും കേരള വിദ്യാഭ്യാസ ചട്ടങ്ങളും തമ്മിൽ സമഗ്രമായി ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ശാക്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനുള്ള ആലോചനകൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) പത്താം തരം വരെയുള്ള വിദ്യാഭ്യാസത്തിന് ഓരോ പ്രദേശത്തെയും വിദ്യാർത്ഥികൾക്ക് അതാത് പ്രദേശത്തുതന്നെ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിനും, ദൂരദേശത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ അയച്ച് പഠിപ്പിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്താനും എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

(ബി) പത്താതരം വരെ കുട്ടികൾ അയൽപക്ക സ്കൂളുകളിൽ പഠിക്കണമെന്നുതന്നെയാണ് വിദ്യാഭ്യാസ അവകാശ നിയമവും വിഭാവന ചെയ്യുന്നത്. മുഖ്യധാരാ സ്കൂളുകളുടെ നിലവാരം ഉയർത്തിക്കൊണ്ടുമാത്രമേ ഇത് സാധ്യമാക്കാനാകൂ. ഇതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മുഴുവൻ സ്കൂളുകളെയും ക്ലാസ് മുറികളെയും ഹൈടെക് ആക്കി മാറ്റാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആദ്യഘട്ടത്തിൽ 4 നിയോജകമണ്ഡലങ്ങളിലാണ് ഇത്

നടപ്പാക്കുക. തുടർന്ന് ബാക്കിയുള്ള 136 മണ്ഡലങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും. 1000 സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കാനും പദ്ധതിയുണ്ട്. നവംബർ മാസത്തിൽ ആരംഭിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തുപകരുമെന്ന കരുതുന്നു. ഇങ്ങനെ വിവിധങ്ങളായ നവീന പദ്ധതികൾ ആസൂത്രണം ചെയ്ത് ജനപങ്കാളിത്തത്തോടെ അവ നടപ്പാക്കുകയും ചെയ്യുന്നതിലൂടെ മുഖ്യധാരാ സ്കൂളുകളുടെ നിലവാരം ഗണ്യമായിവർദ്ധിക്കുകയും കുട്ടികൾ അവിടേക്ക് കൂടുതൽ ആകർഷിക്കപ്പെടുകയും ചെയ്യും. പൊതുവിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് വിഷയം കൂടുതൽ ആകർഷകമാക്കുന്നതിന് മുഴുവൻ അദ്ധ്യാപകർക്കും ട്രെയിംനിഗ് നൽകുകയും, തുടർന്ന് ആയതിന്റെ വിപുലീകരണത്തിനുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്യും. കൂടാതെ, ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന രീതിയിൽ 140 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ